ഭാരത സർക്കാർ

വനിത ശിശു വികസന മന്ത്രാലയം

ഭാരത സർക്കാർ

പുതിയ പ്രഭാതത്തിലേക്ക്

വനിത ശിശു വികസന മന്ത്രാലയം

വിവര വിനിമയ സാങ്കേതിക വിദ്യ

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക്ക് കോ-ഓപ്പറേഷൻ ആന്റ് ചൈൽഡ് ഡവലപ്പ്മെന്റ്

5, സിറ്റി ഇൻസ്റ്റിറ്റ്യൂഷണൽ ഏരിയ, ഹോസ് വാസ്,

ന്യൂ ദില്ലി - 110016

തെരഞ്ഞെടുക്കപ്പെട്ട വനിതാ ജനപ്രതിനിധികൾക്കായുള്ള വിവര വിനിമയ സാങ്കേതിക വിദ്യ (ICT)

ഉള്ളടക്കം

- പ്രാദേശിക ഭരണത്തിൽ വിവര സാങ്കേതിക വിദ്യയുടെ ഇടപെടൽ: ആവശ്യകതയും പ്രാധാന്യവും
- കമ്പ്യൂട്ടർ സാക്ഷരത
- ഇ-പഞ്ചായത്തിന്റെ ഘടകങ്ങൾ
- പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ വിവര സാങ്കേതിക വിദ്യയുടെ പ്രയോഗ മേഖലകൾ
- നടപ്പാക്കുന്നതിലെ വെല്ലുവിളികൾ

പ്രാദേശിക ഭരണത്തിൽ വിവര സാങ്കേതിക വിദ്യയുടെ ഇടപെടൽ: ആവശ്യകതയും പ്രാധാന്യവും

എന്താണ് വിവര സാങ്കേതിക വിദ്യ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്?

- റേഡിയോ, ടെലിവിഷൻ, സെല്ലുലാർ ഫോണുകൾ, കമ്പ്യൂട്ടർ നെറ്റ് വർക്ക് സോഫ്റ്റ് വെയറും ഹാർഡ് വെയറും, ഉപഗ്രഹ സംവിധാനം തുടങ്ങിയവും അതുമായി ബന്ധപ്പെട്ട വീഡിയോ കൂടിയാലോചന, വിദൂരവിദ്യാഭ്യാസം തുടങ്ങിയ വിവിധ സേവനങ്ങളും പ്രയോഗങ്ങളും ഉൾപ്പെടെയുള്ള ഏതൊരു ആശയവിനിമയ ഉപാധിയേയും മൊത്തത്തിൽ പറയുന്ന പേരാണ് വിവര സാങ്കേതികവിദ്യ എന്നത്.
- ഏതൊരു വിവരത്തെയും ഡിജിറ്റലായി പ്രതിനിധീകരിക്കുന്നതും അതോടൊപ്പം അതിന്റെ ഇലക്ട്രോണിക് രൂപത്തിലുള്ള സ്വയം പ്രവർത്തന ക്രമീകരണവും സൂക്ഷിപ്പും വീണ്ടെടുക്കലും വ്യാപനം ചെയ്യലും അതിൽ ഉൾപ്പെടുന്നു. വിവരം എന്നതിൽ വാർത്ത, പരിപത്രം, റിപ്പോർട്ടുകൾ, പഠനോപാധികൾ, വിനോദ വസ്തുക്കൾ, അപേക്ഷ ഫോറങ്ങൾ എന്നിവ എല്ലാം അടങ്ങിയിരിക്കുകയും അവയെല്ലാം ധാരാളം പേർക്ക് ചുരുങ്ങിയ ചെലവിലും സമയത്തിലും പ്രയത്നത്താലും പ്രാപ്യമാകുന്നതുമായിരിക്കും.
- ആഗോളവൽക്കരണത്തിന്റെയും കമ്പോളവൽക്കരണത്തിന്റെയും വർദ്ധിച്ചതോതിലുള്ള മത്സരത്തിന്റെയും കാലഘട്ടത്തിൽ ഏതൊരു പൗരനും തന്റെ ജീവിതസന്ധാരണത്തിനുള്ള പ്രത്യുൽപന്നവും മറിച്ചും ആവശ്യമാണ്. പരിഹാരം തേടുന്നതിനായി അവർക്ക് ദേശവിദ്യാഭ്യാസം കൂടാതെ തന്നെ ഇലട്രോണിൽ മാദ്ധ്യമങ്ങളിലൂടെ തങ്ങളുടെ സ്ഥാപനവുമായി ബന്ധപ്പെടാൻ കഴിയണം. വിജ്ഞാനം പങ്കുവെച്ചും ഉല്പാദനക്ഷമത വർദ്ധിപ്പിച്ചും ഭൂമിശാസ്ത്രപരമായ അതിർവരമ്പുകളെ മറികടന്നും തുറന്ന നടപടിക്രമങ്ങളെ പ്രചോദിപ്പിച്ചും വിവരസാങ്കേതിക വിദ്യയുടെ ഇടപെടൽ വികസന പ്രക്രിയയിൽ സഹായകരമാവുന്നു.
- വിവര വിതരണത്തിൽ മിതവ്യയവും വിശ്വസ്ഥതയും വർദ്ധിപ്പിക്കുന്നതിൽ മാത്രമല്ല തൽഫലമായ മെച്ചപ്പെട്ട തീരുമാനമെടുക്കലിലേക്കും പുതുമയിലേക്കും കൂടി വിവരസാങ്കേതിക വിദ്യ നയിക്കുന്നു. പ്രവർത്തനത്തിലെ വർദ്ധിച്ച തോതിലുള്ള സുതാര്യതയും തുറന്ന സമീപനവും ആവശ്യപ്പെടുന്നതിലേക്കും ഇത് വഴിവെക്കുന്നു.
- പ്രാദേശിക തലത്തിലുള്ള പൊതുമുതലിന്റെയും സേവനങ്ങളുടെയും വ്യവസ്ഥകളെ മെച്ചപ്പെട്ട രീതിയിൽ കൈകാര്യം ചെയ്യാൻ ഭരണ കർത്താക്കളെയും നയ നിർമ്മിതാക്കളെയും സഹായിക്കുന്നതിൽ വർദ്ധിച്ച തോതിലുള്ള സുപ്രധാനമായ പങ്കാണ് വിവരസാങ്കേതിക വിദ്യ വഹിക്കുന്നത്. ജലം, ശുചിത്വം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന

സൗകര്യങ്ങൾ വികസിപ്പിക്കാനും അനുമതി പത്രങ്ങളുടെ അംഗീകാരവും നൽകലും വേഗത്തിലാക്കാനും വിവരം തേടിയുള്ള അപേക്ഷകളിൽ സമയോചിതവും കൂടുതൽ പ്രസക്തവുമായ പ്രതികരണത്തിനും അവർക്ക് സാദ്ധ്യമാവുന്നു.

- ജനങ്ങളെ ഭരണകൂടവുമായി അടുപ്പിക്കുന്ന ഫലപ്രദമായ ഒരു ഉപാധിയായി മാറി വിവരസാങ്കേതിക വിദ്യ. പദ്ധതികളുടെ ആസൂത്രണം, നിർവ്വഹണം, പരിപാലനം എന്നിവയിൽ വർദ്ധിച്ച തോതിലുള്ള പങ്കാളിത്തത്തിലൂടെ വിദ്യാഭ്യാസം, ആരോഗ്യം, ഗ്രാമവികസനം, ദാരിദ്ര നിർമ്മാർജ്ജനം, തൊഴിൽ മുതലായ മേഖലകളിൽ കാലാകാലങ്ങളായി നിലനിൽക്കുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിന് നൂതനവും അഭിതിയവുമായ സാദ്ധ്യതകൾ തുറന്നിടുന്നുമുണ്ട്.

വിവര സാങ്കേതിക വിദ്യയുടെയും ഇ-ഗവണേൻസിന്റെയും പ്രാദേശിക തലത്തിലുള്ള ഉചിതമായ ഉപയോഗത്തിന് ശൃംഗലിത പ്രവർത്തനം/കണ്ണി ചേർക്കൽ എന്നിവ ഉറപ്പാക്കിക്കൊണ്ട് സാമ്പത്തികവും സാമൂഹികവുമായ വികാസത്തെ പരിപോഷിപ്പിക്കാനും പിന്തുണക്കാനും പ്രത്യേകിച്ച് ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ശാക്തീകരിക്കുന്നതിനും സാധിക്കുന്നതാണ്. കൂടാതെ ഇതുവഴി സമയബന്ധിതവും കാര്യപ്രാപ്തിയും സുതാര്യതയും ഉത്തരവാദിത്വപൂർണ്ണവുമായ സേവനപ്രദാനവും സാദ്ധ്യമാണ്.

ഡിജിറ്റൽ സാക്ഷരത:

- ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ, ലാപ്പ്ടോപ്പുകൾ, സ്മാർട്ട് ഫോണുകൾ മുതലായ വിശാല ശ്രേണിയിലുള്ള ഡിജിറ്റൽ ഉപകരണങ്ങൾ സംബന്ധിച്ച അറിവും ഉപയോഗിക്കാനുള്ള കഴിവുമാണ് ഡിജിറ്റൽ സാക്ഷരത.

എടുത്തു കൊണ്ടുപോകാവുന്നതും യാത്രകളിൽ ഉപയോഗിക്കാവുന്നതുമാ കമ്പ്യൂട്ടറുകളുമാണ് ലാപ്പ്ടോപ്പുകൾ.

- ഡിജിറ്റൽ സാക്ഷരനായ ഒരാൾക്ക് വിപുലമായ ഡിജിറ്റൽ നൈപുണ്യവും കമ്പ്യൂട്ടിംഗ് ഉപകരണങ്ങളുടെ പ്രാഥമിക തത്വം സംബന്ധിച്ച അറിവും ഓൺലൈൻ സമൂഹത്തിലും സമൂഹമാധ്യമത്തിലും ഇടപെടാനുള്ള കഴിവും ഉണ്ടാകും.

കമ്പ്യൂട്ടർ

സങ്കീർണ്ണമായ കണക്കുകൂട്ടലുകൾ നടത്തുന്നതു മുതൽ ലഘുവായ കത്തുകൾ എഴുതൽ, മൾട്ടിമീഡിയ പ്രയോഗങ്ങളും ധനപരമായ കണക്കെഴുത്ത് ബാങ്കിംഗ് പ്രയോഗങ്ങളും വികസിപ്പിക്കൽ, വിമാന/തീവണ്ടി ടിക്കറ്റുകൾ ബുക്കു ചെയ്യൽ തുടങ്ങിയ വരെയുള്ള വൈദഗ്ധ്യ പൂർണ്ണമായ പ്രയോഗങ്ങൾക്കായി ഉപയോഗിക്കുന്ന ഒരു ഇലക്ട്രോണിക് ഉപകരണമാണ് കമ്പ്യൂട്ടർ.

- ഇത് വിവിധതരം ഡാറ്റകളെ അർത്ഥപൂർണ്ണമായ വിവരമായി പരിവർത്തനം ചെയ്യുന്നു. ഡാറ്റ എന്നത് വിവിധ വിഷയങ്ങൾക്ക് ലഭിച്ച മാർക്ക് മുതൽ എന്തുമാകാം. അത് ഒരു ക്ലാസ്സിലെ കുട്ടികളുടെ പേര്, വയസ്സ്, ലിംഗം, തൂക്കം, ഉയരം മുതലായവയുമാകാം.
- ഒരു കമ്പ്യൂട്ടറിൽ ഇൻപുട്ട് ഉപകരണം, സെൻട്രൽ പ്രോസസിംഗ് യൂണിറ്റ്. ഔട്ട് പുട്ട് ഉപകരണം എന്നിവ അടങ്ങിയിരിക്കുന്നു.

ഇൻപുട്ട് ഉപകരണം	സെൻട്രൽ പ്രോസസിംഗ് യൂണിറ്റ്	ഔട്ട് പുട്ട് ഉപകരണം
വിവരങ്ങൾ നിവേഗിപ്പിക്കാൻ ഉപയോഗിക്കുന്നു	കമ്പ്യൂട്ടറിന്റെ തലച്ചോറാണിത്.	സംസ്കരിച്ച വിവരങ്ങൾ ഔട്ട് പുട്ടായി തിരിച്ചു നൽകുന്നു.
ഇത് ഒരു കീബോർഡോ, മൌസോ, ശബ്ദം സന്നിവേശിപ്പിക്കാനുള്ള മൈക്രോഫോണോ ആകാം.	പടിപടിയായി പ്രവർത്തികൾ പ്രാവർത്തികമാക്കുന്നു	പ്രിന്റർ, മോണിറ്റർ, സ്പീക്കർ മുഖേന ഔട്ട് പുട്ട് പ്രിന്റ് ചെയ്യുകയോ അല്ലെങ്കിൽ പ്രദർശിപ്പിക്കുകയോ കേൾക്കുകയോ ചെയ്യാം
	ഇതിൽ കൺട്രോൾ യൂണിറ്റ്, മെമ്മറി യൂണിറ്റ്, അരിത് മെറ്റിക് ആന്റ് ലോജിക്കൽ യൂണിറ്റ് എന്നിവ അടങ്ങിയിരിക്കുന്നു.	

കമ്പ്യൂട്ടറിന്റെ പ്രവർത്തനം:

കമ്പ്യൂട്ടറും ഇന്റർനെറ്റും ഇന്ന് ജീവിതത്തിന്റെ ഒരു ഭാഗമായി മാറിക്കഴിഞ്ഞിരിക്കുയാണ്. രേഖകൾ ഉണ്ടാക്കൽ, സുഹൃത്തുക്കളുമായു കുടുംബാംഗങ്ങളുമായുള്ള ബന്ധം നിലനിറുത്തൽ, ഫയലുകളും ഫോട്ടോയും പങ്കുവെക്കൽ തുടങ്ങി എല്ലാതിനും കമ്പ്യൂട്ടർ ആവശ്യമാണ്.

കമ്പ്യൂട്ടർ പ്രോഗ്രാമുകൾ: – മൈക്രോസോഫ്റ്റ് വേർഡ്, പവർ പോയിന്റ് മുതലായ പ്രോഗ്രാമുകൾ ഉപയോഗിച്ച് രേഖകളും അവതരണങ്ങളും ഉണ്ടാക്കാനും സംശോധനം ചെയ്യാനും കമ്പ്യൂട്ടർ ഒരാളെ അനുവദിക്കുന്നു.

മൈക്രോസോഫ്റ്റ് വേർഡ്

- വാചകങ്ങൾ, ചിത്രങ്ങൾ, ചാർട്ടുകൾ, രേഖാചിത്രങ്ങൾ എന്നിവ ഉണ്ടാക്കാൻ വേർഡ് ഉപയോഗിക്കാം.
- പ്രയോഗങ്ങൾ, കത്തുകൾ, സാരാർത്ഥങ്ങൾ, resumes എന്നീ രേഖകളും ഉണ്ടാക്കാവുന്നതാണ്.

മൈക്രോസോഫ്റ്റ് പവർപോയന്റ്

- അവതരണങ്ങൾ ഉണ്ടാക്കാനാണ് പവർപോയിന്റ് ഉപയോഗിക്കുന്നത്.
- രൂപങ്ങളുടെയും കണക്കുകളുടെയും ശേഖരം ഉപയോഗിച്ച് രൂപരേഖകൾ വരക്കാൻ കഴിയും.
- വിവരദായകമായ നോട്ടീസുകളും പോസ്റ്ററുകളും പവർപോയിന്റ് ഉപയോഗിച്ച് ഉണ്ടാക്കാം. വിഷയങ്ങളെ സ്പഷ്ട ഗ്രാഹ്യമാക്കാനും നിർദേശം നൽകാനും ക്ലിപ്പ് ആർട്ടോ കസ്റ്റം ഗ്രാഫിക്കോ ഉപയോഗിക്കാം.

ഇന്റർനെറ്റ്

ടെലഫോൺ ലൈനുകളോ കേബിളുകളോ അല്ലെങ്കിൽ ഉപഗ്രഹമോ മുഖേന പരസ്പരബന്ധിതമായ ആഗോള കമ്പ്യൂട്ടർ ശൃംഖലയാണ് ഇന്റർനെറ്റ് . ഇതൊരു വിപുലമായ വിവരശേഖരണമാണ്.

ഇന്റർനെറ്റിന്റെ ഗുണങ്ങളും ദോഷങ്ങളും

ഗുണങ്ങൾ

- ആശയവിനിമയം
- വിവരം

ദോഷങ്ങൾ

- വിനോദം
- ഇ-കോമേഴ്സ്
- പൊതു സേവനങ്ങളുടെ പ്രാപ്യത
- വ്യക്തി വിവരങ്ങൾ ചോർത്തൽ
- വൈറസ് ഭീഷണി
- അശ്ലീല സാഹിത്യം/ അസഭ്യ ചിത്രം

ജീവിതം സുഗമമാക്കാൻ സഹായിക്കുന്ന ആയിരകണക്കിന് സേവനങ്ങൾ ഇന്റർനെറ്റിനുണ്ട്. ഉദാഹരണത്തിന് തങ്ങളുടെ അക്കൗണ്ട് ഓൺലൈനായി കാണാനും ഇടപാടുകൾ നടത്താനും ഉപഭോക്താവിനെ സഹായിക്കുന്ന ഓൺലൈൻ ബാങ്ക് ഇടപാടുകൾ ധാരാളം സാമ്പത്തിക സ്ഥാപനങ്ങൾ നൽകുന്നുണ്ട്.

- വെബ് സൈറ്റുകളിലും വെബ് പേജുകളിലുമാണ് ഇന്റർനെറ്റിൽ വിവരം സമാഹരിച്ചിരിക്കുന്നത്.
- മൊബൈൽ കമ്പനിയോ ലാന്റ് ലൈൻ ഫോൺ കമ്പനിയോ പോലുള്ള ഒരു ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർ ഇന്റർനെറ്റുമായി ബന്ധപ്പെടാൻ ആവശ്യമാണ്.

ഇന്റർനെറ്റിൽ തെരച്ചിൽ നടത്തൽ

- ഇന്റർനെറ്റിൽ ദശലക്ഷ കണക്കിന് വെബ്സൈറ്റുകളും വെബ് പേജുകളുമുണ്ട്. പാചക കുറിപ്പ് മുതൽ പ്രാദേശിക വാർത്തകൾ വരെയും ചരിത്രം മുതൽ തോട്ടപ്പണിവരെയുള്ള എന്തും ഒരാൾക്ക് ഇന്റർനെറ്റിൽ തെരയാം.
- ഇന്റർനെറ്റിൽ ഫലപ്രദമായി തെരച്ചിൽ നടന്നാൽ ഒരു തിരച്ചിൽ യന്ത്രം വേണം. തെരച്ചിൽ യന്ത്രം ഇന്റർനെറ്റിലുള്ള (search engine) ആയിരക്കണക്കിന് വെബ് സൈറ്റുകളും വെബ് പേജുകളും സ്കാൻ ചെയ്ത് ഇതിന് ഏറ്റവും ഉചിതമെന്ന് തോന്നുന്ന വിവരം ശേഖരിക്കുകയും ക്രമീകരിക്കുകയും ചെയ്യും.
- ജന സമ്മിതിയുള്ള ചില സെർച്ച് എഞ്ചിനുകൾ
  ഗൂഗിൽ : ഡബ്ല്യൂ . ഡബ്ല്യൂ . ഡബ്ല്യൂ .ഗൂഗിൽ.കോം.
  യാഹൂ : ഡബ്ല്യൂ . ഡബ്ല്യൂ . ഡബ്ല്യൂ . യാഹൂ.കോം.
  ബിംഗ് : ഡബ്ല്യൂ . ഡബ്ല്യൂ . ഡബ്ല്യൂ . ബിംഗ്.കോം.
  ആസ്ക് : ഡബ്ല്യൂ . ഡബ്ല്യൂ . ഡബ്ല്യൂ . ആസ്ക്.കോം.

ഇന്റർനെറ്റിന്റെ ഉപയോഗങ്ങൾ

ആശയവിനിമയം | വിവരം | സാമൂഹ്യ നെറ്റ് വർക്കിംഗ് | തൊഴിൽ തേടൽ

ബാങ്കിംഗ് | വിനോദം | ഓൺലൈൻ ഷോപ്പിംഗ് | കച്ചവടം

കൃഷിസംബന്ധമായ വിവരങ്ങൾ | സർക്കാർ ക്ഷേമപദ്ധതികളുടെ ആനുകൂല്യം ലഭിക്കൽ | കാലാവസ്ഥ തെരച്ചിലും നവീകരണവും

സമൂഹ നെറ്റ് വർക്കിംഗ്

- ഇന്റർനെറ്റ് പുതിയ രൂപത്തിലുള്ള സാമൂഹ്യ ഇടപെടലുകളും, പ്രവർത്തനങ്ങളും സാമൂഹ്യ കൂടിച്ചേരലുകളും സാധ്യമാക്കിയിട്ടുണ്ട്.
- താല്പര്യങ്ങളും, പ്രവർത്തനങ്ങളും, പശ്ചാത്തലവും അല്ലെങ്കിൽ യഥാർത്ഥത്തിലുള്ള ജീവിത ബന്ധങ്ങളും പങ്കുവെക്കുന്നവർക്കിടയിൽ സാമൂഹിക ബന്ധവും സാമൂഹ്യ ശൃംഖലയും കെട്ടിപടുക്കാനുള്ള ഒരു വേദിയാണ് സാമൂഹ്യ നെറ്റ് വർക്കിംഗ് സേവനം. (സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകളുടെ SNS).
- ഓരോ ഉപഭോക്താവിന്റെയും പ്രാതിനിധ്യം (സാധാരണയായി) രൂപരേഖ- പ്രൊഫൈൽ അല്ലെങ്കിൽ അവന്റെയോ അവളുടെയോ സാമൂഹ്യ ബന്ധങ്ങളും മറ്റനേകം അധിക സേവനങ്ങളും ഉൾപ്പെടുന്നതാണ് ഒരു സാമൂഹ്യ ശൃംഖലാ സേവനം.
- ഈ സൈറ്റുകളുടെ ഉപഭോക്താക്കൾക്ക് പേജുകളിലേക്ക് വൈവിധ്യമായ അനേകം വിവരങ്ങൾ കൂട്ടി ചേർക്കാനും പൊതുവായ താല്പര്യങ്ങൾ തേടാനും മറ്റുള്ളവരുമായി ബന്ധപ്പെടാനും സാധിക്കും. നിലവിലുള്ള പരിചയക്കാരെ കണ്ടെത്താൻ സാധിക്കുകയും നിലവിലുള്ള വ്യക്തികളും കൂട്ടായ്മയുമായി ആശയ വിനിമയം അനുവദിക്കുകയം ചെയ്യും.



ജനസമ്മിതിയുള്ള ചില സാമൂഹ്യ നെറ്റ് വർക്കിംഗ് വേദികൾ
ചില പ്രധാനപ്പെട്ട വെബ്സൈറ്റുകൾ

ന്യൂനപക്ഷക്ഷേമ മന്ത്രാലയം – ഡബ്ല്യൂ . ഡബ്ല്യൂ . ഡബ്ല്യൂ. മൈനോറിറ്റി അഫലേയ്സ്.കോം.

ന്യൂനപക്ഷക്ഷേമ മന്ത്രാലയം – ഡബ്ല്യൂ . ഡബ്ല്യൂ . ഡബ്ല്യൂ. സ്കോളർഷിപ്പ്.ജിഒവി.ഇൻ

സ്ത്രീകളുടെയും കുട്ടികളുടെയും വികസന മന്ത്രാലയം– ഡബ്ല്യൂ . ഡബ്ല്യൂ . ഡബ്ല്യൂ.ഡബ്ല്യൂസിഡി.എൻ.ഐസി.ഇൻ

സ്ത്രീകളുടെ ട്വീറ്റർ – ഡബ്ല്യൂ . ഡബ്ല്യൂ . ഡബ്ല്യൂ.മിനിസ്ട്രി. ഡബ്ല്യൂസിഡി

ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം – ഡബ്ല്യൂ . ഡബ്ല്യൂ . ഡബ്ല്യൂ.എം ഒച്ച്എഫ് ഡബ്ല്യൂ.എൻഐസി.ഇൻ

മാനവശേഷി മന്ത്രാലയം

മാനവശേഷി യുട്യൂബ് ചാനൽ

ദേശീയ വനിതാ കമ്മിഷൻ

കുട്ടിയെ കണ്ടെത്തൽ– വികാസ് പീഡിയ

പൊതുവിതരണ സമ്പ്രദായം

പൊതു പരാതി സംവിധാനം

വിവരാവകാശം

ആധാർ

ദേശീയ തൊഴിൽ കാര്യാലയം

വിവരാവകാശം (ആർ.ടി.ഐ)

വിവരാവകാശ പ്രകാരം എല്ലാ പൗരന്മാർക്കും സംസാരിക്കാനും പ്രകടിപ്പിക്കാനും സ്വാതന്ത്ര്യവും സർക്കാർ എങ്ങിനെ പ്രവർത്തിക്കുന്നു, എന്താണ് അതിന്റെ പങ്ക്, അതിന്റെ ചുമതലകൾ എന്താണ് എന്നിങ്ങനെയുള്ള കാര്യങ്ങൾ അറിയാനുള്ള അവകാശവും ഉണ്ട്.

ഫോറം പൂരിപ്പിച്ച് ആവശ്യമായ രേഖകൾഅടക്കം ചെയ്യുക

http:www.rti.india.gov.in/

rti–direct–complete– logging.php

കരട് സെവ് ചെയ്യുക/സമർപ്പിക്കുക എന്നതിൽ അമർത്തുക. ഫോറം സെവ് ചെയ്താൽ ഒരു അതുല്യമായ പരാതി തിരിച്ചറിയൽ നമ്പർ ലഭിക്കും

അപേക്ഷ അയച്ചാൽ ഒരാൾക്ക് അതിന്റെ തൽസ്ഥിതി അതുല്യ തിരിച്ചറിയൽ ഉപയോഗിച്ച് പരിശോധിക്കുക.

http:www.rti.india.gov.in/rti – check–request–status.php? cat=coml

ഇ- ഭരണനിർവ്വഹണം (ഈ-ഗവേണൻസ്)

ഈ ഭരണ നിർവ്വഹണം എന്നതു കൊണ്ടുദ്ദേശിക്കുന്നത് പൊതു സേവനത്തിന്റെ പ്രാപ്യതയും ഗുണമേന്മയും ചെലവു കുറവും പരിവർത്തനപ്പെടുത്താനും ഉപഭോക്താക്കളും/ സർക്കാരും പൗരന്മാരും അവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന പൊതുസ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം പുനരുജ്ജീവിപ്പിക്കാനായി സഹായകരമാവും വിധം വിവര സാങ്കേതിക വിദ്യയുടെ ശക്തിപരമാവധി ഉപയോഗപ്പെടുത്തുക എന്നതാണ്.

- ലോകബാങ്കിന്റെ നിർവ്വചന പ്രകാരം ഇ-ഭരണ നിർവ്വഹണം പൗര സമൂഹം, വ്യവസായങ്ങൾ, മറ്റു ഭരണകൂട സംവിധാനങ്ങൾ എന്നിവയുമായുള്ള ബന്ധത്തെ മാറ്റുവാൻ കഴിവുള്ള വിവര സാങ്കേതിക വിദ്യകൾ (വൈസ് ഏരിയ ശൃംഖലകൾ, ഇന്റർനെറ്റ്, മൊബൈൽ കമ്പ്യൂട്ടിംഗ്) ഉപയോഗിച്ച് ഭരണകൂട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതാണ്.
- നയരൂപീകരണത്തിലും ജനപങ്കാളിത്തം ഉറപ്പാക്കികൊണ്ടും പൗരന്മാർക്ക് വിവരം ലഭിക്കുന്നതിൽ ലാളിത്യം ഏർപ്പെടുന്നതിലും ഭരണത്തിന്റെ പൊതുചിത്രം മാറ്റി മറിക്കുക എന്ന ഉദ്ദേശത്തോടെ ഭാരതസർക്കാർ 2006ൽ ദേശീയ ഇ-ഭരണനിർവ്വഹണ പദ്ധതി (എൻ-ഇ.ജി.പി) നടപ്പാക്കുകയുണ്ടായി.
- പൊതുസേവന കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ തൊട്ടടുത്ത് ലഭ്യമാക്കുകയും സാധാരണക്കാരന്റെ പ്രാഥമിക ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് താങ്ങാവുന്ന ചെലവിൽ അത്തരം സേവനങ്ങളുടെ കാര്യക്ഷമതയും സുതാര്യതയും വിശ്വസനീയതയും ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് എൻ.ഇ.ജി.പി.യുടെ കാഴ്ചപ്പാട്. ഗ്രാമീണ ഭരതത്തെ പരിവർത്തനപ്പെടുത്തുകയും ശാക്തീകരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ഇപ്പോൾ നടപ്പാക്കുന്ന ഒരു മിഷൻ മാതൃകയിലുള്ള പദ്ധതിയാണ് ഇ-പഞ്ചായത്ത്.

ഇ-പഞ്ചായത്ത്

- പദ്ധതികൾ തീരുമാനിക്കുന്നതിലും നടപ്പാക്കുന്നതിലും പ്രദാനം ചെയ്യുന്നതിലും ജനപങ്കാളിത്തം ഉറപ്പാക്കാൻ പരിശ്രമിക്കുന്നതിനായി പഞ്ചായത്ത് രാജ് മന്ത്രാലയം ദേശവ്യാപകമായി ആവിഷ്കരിച്ച ഒരു ഐ ടി സംരഭമാണ് ഇ.പഞ്ചായത്ത്. ഇത് പഞ്ചായത്ത് രാജ് മന്ത്രാലയവും ഭരതസർക്കാരും പഞ്ചായത്ത് സ്ഥാപനങ്ങളും തമ്മിലുള്ള ഏകോപനം വർദ്ധിപ്പിക്കുന്നു.
- പ്രാദേശിക വികസനം ഉറപ്പാക്കുകയും വൈവിധ്യമാർന്ന സേവനങ്ങൾ സ്റ്റെയിക്ക് ഹോൾഡർമാർക്ക് ലഭ്യമാക്കികൊണ്ട് തദ്ദേശ സ്വയംഭരണം ശക്തിപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, പഞ്ചായത്ത് ജീവനക്കാർ, പൗരന്മാർ മറ്റു അറിയപ്പെടുന്ന പ്രവർത്തകർ എന്നിവരാണ് സ്റ്റെയിക്ക് ഹോൾഡർമാർ മുമ്പ് പ്രതിപാദിച്ച പോലെ ഇ-പഞ്ചായത്ത് ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ മുതലായ പഞ്ചായത്ത് രാജ് സ്ഥപനങ്ങളിലെ ഭരണത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്ന ഒരു മിഷൻ മാതൃകയിലുള്ള പദ്ധതിയാണ്.
- പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ആധുനികതയുടെയും സുതാര്യതയുടെയും കാര്യക്ഷമതയുടെയും പ്രതീകങ്ങളാക്കി മാറ്റാൻ ലക്ഷ്യമിടുന്ന ഇ-പഞ്ചായത്ത് പദ്ധതി ഗ്രാമീണ ജനതക്ക് ഒരു വലിയ വാഗ്ദാനമാണ് നൽകുന്നത്. ഈ പദ്ധതി രാജ്യത്തെ പഞ്ചായത്തുകളുടെ പ്രവർത്തനം അതിയന്ത്രവൽക്കരിക്കാൻ ലക്ഷ്യമിടുന്നു. ആസൂത്രണം, മോണിട്ടറിംഗ്, നിർവ്വഹണം, ബജറ്റ് തയ്യാറാക്കൽ, കണക്ക് സൂക്ഷിക്കാൻ, സോഷ്യൽ ഓഡിറ്റ്, സർട്ടിഫിക്കറ്റുകൾ ലൈസൻസ് മുതലായവ നൽകുന്നതു പോലുള്ള പൗരസേവനങ്ങളുടെ പ്രദാനം തുടങ്ങി പഞ്ചായത്തുകളുടെ പ്രവർത്തനത്തിന്റെ സമസ്തമേഖലകളെയും ഇത് സ്പർശിക്കുന്നത്.

ഇ-പഞ്ചായത്ത് എന്ന മിഷൻ മാതൃകയിലുള്ള പദ്ധതിയുടെ ഉദ്ദേശങ്ങൾ:

- ഗ്രാമീണ പൗരന്മാരുടെയും ഭരണസംവിധാനത്തിന്റെയും സമ്പർക്കം മുഖേനെ തൃണമൂല തലത്തിൽ ജനകീയ വിവര സാങ്കേതിക സംസ്കാരം സന്നിവേശിപ്പിക്കാൻ ഫലപ്രദമായ ഉപാധി പഞ്ചായത്തുകളാണുള്ളത്. ഈ വിശാലമായ കാഴ്ചപ്പാട് ഉൾക്കൊണ്ടുകൊണ്ടാണ് പഞ്ചായത്ത് രാജ് മന്ത്രാലയം രാജ്യത്തെ എല്ലാ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലും മിഷൻ മാതൃകയിൽ വിവര സാങ്കേതിക വിദ്യ പ്രാപ്തമാക്കാനുള്ള ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.
- വികേന്ദ്രീകൃത ആസൂത്രണം, ബജറ്റ് തയ്യാറാക്കൽ, കണക്ക് സൂക്ഷിപ്പ്, നിർവ്വഹണം, മോണിറ്ററിംഗ് തുടങ്ങി സർട്ടിഫിക്കറ്റുകളുടെ ലൈസൻസുകളും നൽകുക എന്ന സേവന പ്രദാനങ്ങൾ വരെയുള്ള എല്ലാ മുഖ്യ ആന്തരിക പ്രവർത്തനങ്ങളുടെയും സമസ്ത വശങ്ങളും സംബോധന ചെയ്യാൻ ഇ-പഞ്ചായത്ത് എന്ന മിഷൻ മാതൃക പദ്ധതി ലക്ഷ്യമിടുന്നു.

ആകയാൽ ഇ-പഞ്ചായത്ത് മിഷൻ മാതൃക പദ്ധതിയുടെ മുഖ്യലക്ഷ്യം വിവര സാങ്കേതിക വിദ്യ താഴെ പറയുന്നവർക്കായി ഉപയോഗിക്കുക എന്നതാണ്.

- പഞ്ചായത്തുകളുടെ ആന്തരിക വർക്ക് ഫ്ലോ പ്രക്രിയയുടെ അതിയന്ത്രവൽക്കരണം.
- പൗരന്മാർക്കുള്ള സേവന പ്രദാനം മെച്ചപ്പെടുത്തുക.
- പഞ്ചായത്ത് ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും കാര്യക്ഷമതാ പരിപോഷണം.
- സോഷ്യൽ ഓഡിറ്റ്
- പഞ്ചായത്തുകളുടെ സുതാര്യത, ഉത്തരവാദിത്വം, കാര്യക്ഷമത, വിവരാവകാശ പാലനം
- തദ്ദേശ സ്വയഭരണം മെച്ചപ്പെടുത്തൽ

പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ വിവരസാങ്കേതിക വിദ്യയുടെ പ്രയോഗം :-

ആശയ വിനിമയം പരിപോഷിപ്പിക്കുന്നതിലും വിവിധ തട്ടുകളിലുള്ള സർക്കാരുകളുമായ ജനപ്രതിനിധികളുടെ ഏകോപനം. സമ്പുഷ്ടമാക്കുന്നതിനും വിവര സാങ്കേതിക വിദ്യക്ക് കാര്യമായ പങ്കു വഹിക്കാനുണ്ട്. വിവര സാങ്കേതിക വിദ്യ പ്രാപ്തമാക്കുന്ന സംരഭങ്ങൾക്ക് പഞ്ചായത്തുരാജ് സ്ഥാപനങ്ങളുടെ താഴെപറയും വിധമുള്ള വിവിധ മേഖലകളിൽ നിർണ്ണായകമായ പങ്കുവഹിക്കാൻ പറ്റും.

- **പങ്കാളിത്ത ആസൂത്രണം**

പങ്കാളിത്ത ആസൂത്രണത്തിൽ ഉദ്യോഗസ്ഥർക്കും അതുപോലെതന്നെ ജനങ്ങൾക്കും പൊതു സമൂഹത്തിനും വിഭിന്നങ്ങളായ വിവരങ്ങൾ ധാരാളമായി ലഭിക്കേണ്ടതുണ്ട്. സമഗ്രമായ വിവരങ്ങൾ ലഭ്യമാക്കാനുള്ള ശേഷി വിവര സാങ്കേതിക വിദ്യക്കുണ്ട്. അത് ഈ പ്രക്രിയയുടെ വേഗതയും ഗുണമേന്മയും വർദ്ധിപ്പിക്കും. വിവര സാങ്കേതിക വിദ്യയുടെ ഔചിത്യപൂർണ്ണമായ ഉപയോഗം മെച്ചപ്പെട്ട വിഭവ സമാഹരണം, വികസനം മനുഷ്യവിഭവ പരിപാലനം സാങ്കേതിക പിന്തുണ എന്നിവയിലേക്ക് നയിക്കും. വിവര സാങ്കേതിക വിദ്യ സത്വരവും സമഗ്രവും സുതാര്യവുമായ ആഘാതപഠനം സാദ്ധ്യമാക്കുകയും പദ്ധതികളുടെ പ്രോജക്ടുകളുടെയും മെച്ചപ്പെട്ട നിർവ്വഹണത്തിന് പ്രയോജനപ്പെടുകയും ചെയ്യും. അങ്ങിനെ വിവരസാങ്കേതിക വിദ്യ വികേന്ദ്രീകൃതവും പങ്കാളിത്തപരവുമായ ആസൂത്രണം സുഗമവും ആയാസരഹിതവും ആക്കുകയും അതിൽ അന്തർലീനമായിരിക്കുന്ന കാര്യക്ഷമത, സമത്വം, ശാക്തീകരണം എന്നീ ഗുണങ്ങളെ ബോദ്ധ്യപ്പെടുത്തി തരാൻ സഹായിക്കുകയും ചെയ്യും.

- **വിദ്യാഭ്യാസം**

സംസ്ഥാന നിയമത്തിന് വിധേയമായി പ്രാഥമികവും ദ്വിതീയവുമായ വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, പൗര വിദ്യാഭ്യാസവും അനൗപചാരിക വിദ്യാഭ്യാസവും, സാങ്കേതിക പരിശീലനം എന്നിവ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ചുമതലയാണ്. വിവരസാങ്കേതിക വിദ്യ ഉപകരണങ്ങൾ ഉള്ള

പഞ്ചായത്ത് സെന്ററുകൾക്ക് ജനങ്ങളെ വലിയതോതിൽ പഠിപ്പിക്കുന്ന ഒരു പ്രധാനപ്പെട്ട താൽപര്യ കേന്ദ്ര മായി മാറാൻ കഴിയും.

നികുതി ചുമത്തൽ: – സംസ്ഥാന നിയത്തിന് വിധേയമായി പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് നിർദ്ദിഷ്ട നികുതി, ചുങ്കം, ഫീസ് എന്നിവ ചുമത്താനും പിരിക്കാനും കഴിയും. നികുതി കാര്യനിർവ്വഹണവും ധനപരമായ ആസൂത്രണവും വിവരസാങ്കേതിക വിദ്യയുമായി സംഘടിപ്പിക്കുന്നത് അഴിമതികൾക്കും നയിക്കും.

വിവരസാങ്കേതിക വിദ്യക്ക് മൂന്ന് വിഭിന്ന മാർഗങ്ങളിലൂടെ തദ്ദേശ സ്വയംഭരണം മെച്ചപ്പെടുത്താം

- അത് നയചക്രത്തിൽ 'കാര്യക്ഷമതാ ആനുകൂല്യം' സൃഷ്ടിക്കാനും. സങ്കീർണ്ണമായ നയവിവരങ്ങളുടെ വസ്തുതകളുടെയും ആർജ്ജിക്കൽ, കയ്യൊഴിയൽ, പരിപാലനം എന്നിവ തീരുമാനം എടുക്കുന്നവർക്ക് കാര്യവിവരമുള്ള തീരുമാനങ്ങൾ എടുക്കാൻ സഹായകരമാവും.
- ഇത് പ്രാദേശിക സർക്കാരുടെ സേവന പ്രദാനം മെച്ചപ്പെട്ടതാക്കും.
- സർക്കാർ കാര്യങ്ങളിൽ വർദ്ധിച്ച തോതിലുള്ള പ്രാപ്യതയും സർക്കാർ പദ്ധതികളും പരിപാടികളും സംബന്ധിച്ച ചർച്ച പ്രതികരണം എന്നിവ പരിപോഷിപ്പിക്കുന്നതിലൂടെയും അതിന് സർക്കാരും പൊതു സമൂഹവും തമ്മിലുള്ള പാരസ്പര്യത്തിന്റെ മുഖം മിനുക്കാൻ സാധിക്കും.

വിവരസാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിലും ഇ–പഞ്ചായത്ത് പ്രാവർത്തികമാക്കുന്നതിലുമുള്ള വെല്ലുവിളികൾ

രാജ്യത്തുടനീളമുള്ള എല്ലാ ഗ്രാമങ്ങളിലും ഇ–പഞ്ചായത്ത് സ്ഥാപിക്കുക എന്നത് വളരെ വിപുലമായ ഒരു പ്രക്രിയയാണ്. വിവര സാങ്കേതിക വിദ്യയുടെ ഇടപെടലിനെ ഒറ്റപ്പെട്ട് കാണരുത്. ഇ– പഞ്ചായത്തിന്റെ പ്രവർത്തനക്ഷമമായ ഒരു സംവിധാനത്തിന് ധനവിഭവം, കമ്പ്യൂട്ടർ പ്രയോഗങ്ങൾ, മനുഷ്യവിഭവ ശേഷി, രാഷ്ട്രീയ ഇഛാശക്തി എന്നിവ കൂടിയേതീരൂ. ഗ്രാമീണ മേഖലയിലെ ഇന്റർനെറ്റ് കണക്ഷന്റെയും വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഭരണസംവിധാനത്തിന്റെയും ഇന്നത്തെ അവസ്ഥ കണക്കിലെടുത്താൽ എല്ലാ പഞ്ചായത്തുകളിലും ഒരു കമ്പ്യൂട്ടർ സ്ഥാപിക്കുകയും അതിന് ഇന്റർനെറ്റ് കണക്ഷൻ നൽകുകയും ചെയ്യുക എന്നത് ആയാസരഹിതമായ ഒരു ദൌത്യമല്ല.

- അടിസ്ഥാന സൗകര്യങ്ങളുടെയും പരിശീലനം സിദ്ധിച്ച മനുഷ്യ വിഭവത്തിന്റെയും അപര്യാപ്തതയാണ് ഈ– പഞ്ചായത്തിലേക്ക് എത്തുന്നത് തടസ്സപ്പെടുത്തുന്ന പ്രാഥമികമായ സാങ്കേതികഘടകം. അസഖ്യം ജീവനക്കാർക്കും ജനപ്രതിനിധികൾക്കും പരിശീലനം നൽകുക എന്നതാണ് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ഏറ്റവും വലിയ വെല്ലുവിളിയായി ഉയർന്നു വരുന്നത്. പരിശീലനം ഒരു ഒറ്റ തവണ പ്രക്രിയയല്ല, മറിച്ച് അത് സ്വീകർത്താക്കൾക്ക് കാലാകാലങ്ങളിൽ നൽകേണ്ടതുണ്ട്.
- ഗ്രാമീണ ഭാരതത്തിൽ ഇ–പഞ്ചായത്തിന് അടിസ്ഥാന സൗകര്യത്തിന്റെയും മറ്റു അനുബന്ധ ഘടകങ്ങളുമായും യഥാർത്ഥ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ തന്നെയും ഡിജിറ്റൽ വിടവ് നികത്തുന്നതിനും പഞ്ചായത്തുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് ഗ്രാമപ്രദേശങ്ങളിൽ സഹായകരമായ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിനുമുള്ള കാഴ്ച്ചപ്പാടും തന്ത്രങ്ങളും കേന്ദ്രത്തിലും സംസ്ഥാനതലങ്ങളിലുമുള്ള സർക്കാറുകൾക്ക് ഉണ്ട്.

– ചുരുക്കി പറഞ്ഞാൽ അന്തസ്സായി ജീവിക്കുന്നതിനുള്ള പ്രാഥമിക സൗകര്യങ്ങൾ ഗ്രാമീണ ജനതയ്ക്ക് ഇന്നും അന്യമാണെന്നതിനാൽ ഇ– പഞ്ചായത്തുകൾ കാലഘട്ടത്തിന്റെ ആവശ്യമാണ്. ദാരിദ്രവും പിന്നോക്കാവസ്ഥയും നിലനിൽക്കുന്നത് വിഭവങ്ങളുടെ കുറവുകൊണ്ടു മാത്രമല്ല മറിച്ച് പ്രാപ്തിക്കുറവും കൊടുകാര്യസ്ഥതയുമുള്ള സ്ഥാപനങ്ങൾ ഉള്ളതു കൊണ്ടുകൂടിയാണെന്ന് സാമാന്യ ബുദ്ധി പറയുന്നു. അറിവുള്ള ഒരു സമൂഹവും വിവര വിപ്ലവും ഉയർന്നു വരുമ്പോൾ പഞ്ചായത്തുകളെ മാറ്റി നിർത്താവുന്നതല്ല. വികസനത്തിന്റെ പാതയിൽ അർത്ഥപൂർണ്ണമായ ഒരു പങ്കുവഹിക്കാനുതകുന്ന തരത്തിലുള്ള സാങ്കേതിക വിഭവങ്ങൾ അവർക്ക് ലഭ്യമാക്കണം.